# അദ്ധ്യായം: 80 - അബസ

**അവതരണകാലം**

ഒരിക്കൽ നബി(സ)യുടെ സന്നിധിയിൽ മക്കയിലെ ചില പ്രമാണിമാർ സന്നിഹിതരായിരുന്നു. അവർക്ക് ഇസ്‌ലാമിനെ മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു തിരുമേനി. ഈ സന്ദർഭത്തിൽ ഇബ്നു ഉമ്മിമക്തൂം എന്നുപേരായ ഒരു അന്ധൻ തിരുമേനിയെ സമീപിച്ചു. അദ്ദേഹത്തിന് ഇസ്‌ലാമിനെക്കുറിച്ച് ചില കാര്യങ്ങൾ തിരുമേനിയോട് ചോദിച്ചറിയണമെന്നുണ്ടായിരുന്നു. ഈ ഇടപെടൽ അരോചകമായിത്തോന്നിയ തിരുമേനി ആഗതനെ അവഗണിച്ചു. ഈ സംഭവത്തെ സ്പർശിച്ചാണ് ഈ സൂറ അവതരിച്ചത്. ഉപര്യുക്ത ചരിത്രസംഭവത്തിലൂടെ ഈ സൂറയുടെ അവതരണകാലം അനായാസം നിർണിതമാകുന്നു. ഒന്നാമതായി, ആദ്യകാലത്തുതന്നെ ഇസ്‌ലാം സ്വീകരിച്ചവരിലൊരാളാണ് ഇബ്നു ഉമ്മിമക്തൂം. തിരുമേനിയുടെ സദസ്സിൽ അന്ന് ഉപവിഷ്ടരായിരുന്ന ആളുകളുടെ പേരുകൾ വിവിധ നിവേദനങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ഇസ്‌ലാമിനോട് കടുത്ത ശത്രുത വെച്ചു പുലർത്തിയിരുന്ന ഉത്ബ, ശൈബ, അബൂജഹൽ, ഉമയ്യത്തുബ്നു ഖലഫ്, ഉബയ്യുബ്നു ഖലഫ് തുടങ്ങിയവരെ ആ പട്ടികയിൽ കാണാം. അതിൽനിന്നു മനസ്സിലാകുന്നതിങ്ങനെയാണ്: സംഭവം നടക്കുമ്പോൾ ഇപ്പറഞ്ഞവരും നബി(സ)യും തമ്മിലുള്ള പരസ്പരബന്ധവും പെരുമാറ്റവും നിലനിൽക്കുന്നുണ്ടായിരുന്നു. അവർ തമ്മിലുള്ള സംഘർഷം, അവർ നബിയെ സന്ദർശിക്കുന്നതോ കൂടിക്കാഴ്ചകൾ നടത്തുന്നതോ അവസാനിക്കാൻ മാത്രം വളർന്നിരുന്നില്ല. ഈ സൂറ വളരെ ആദ്യകാലത്ത് അവതരിച്ച സൂറകളിൽ പെട്ടതാണെന്നാണ് ഈ വസ്തുതകൾ ചൂണ്ടിക്കാണിക്കുന്നത്.

**ഉള്ളടക്കം**

പ്രഭാഷണാരംഭത്തിന്റെ ശൈലി കാണുമ്പോൾ അനുവാചകന് ഇങ്ങനെയാണു തോന്നുക: അന്ധനെ അവഗണിച്ച് ഖുറൈശി പ്രമാണിമാരെ പരിഗണിച്ചതിന്റെ പേരിൽ അല്ലാഹു പ്രവാചകനെ ആക്ഷേപിച്ചിരിക്കുകയാണീ സൂറയിലൂടെ. പക്ഷേ, സൂറ മൊത്തത്തിൽ എടുത്തു പഠിച്ചുനോക്കിയാൽ ആക്ഷേപം യഥാർഥത്തിൽ ഖുറൈശി പ്രമാണിമാരുടെ നേരെയാണെന്ന് മനസ്സിലാകും. പ്രമാണിമാരെ വിശിഷ്ടരും അന്ധനെ അധമനും ആയി കരുതിയതു കൊണ്ടല്ല തിരുമേനി ഖുറൈശിനേതാക്കളെ പരിഗണിച്ചിരുന്നത്. മറിച്ച്, ഒരു പ്രബോധകൻ തന്റെ പ്രബോധന പ്രവർത്തനം തുടങ്ങുമ്പോൾ സ്വാഭാവികമായും സമൂഹത്തിൽ സ്വാധീനശക്തിയുള്ളവർക്ക് മുൻഗണന കൊടുക്കുന്നു. മേലേക്കിടയിലുള്ളവർ തന്റെ ആശയം സ്വീകരിക്കുകയാണെങ്കിൽ പിന്നെ ബാക്കി കാര്യം എളുപ്പമാകുമല്ലോ. ഏതാണ്ട് ഈയൊരു നിലപാടാണ് ആദ്യകാലത്ത് പ്രബോധന പ്രവർത്തനത്തിൽ നബി(സ)യും അവലംബിച്ചിരുന്നത്.

പക്ഷേ, അല്ലാഹു അദ്ദേഹത്തെ പഠിപ്പിച്ചു: ഇതല്ല ശരിയായ പ്രബോധനരീതി. ഈ പ്രബോധനത്തിന്റെ വീക്ഷണത്തിൽ സത്യാന്വേഷകനായ ഏതു മനുഷ്യനും പ്രാധാന്യമുള്ളവനാകുന്നു. അവൻ അവശനാണോ സ്വാധീനമില്ലാത്തവനാണോ ആർത്തനാണോ എന്നതൊന്നും പ്രസക്തമല്ല. സത്യത്തെ വിലമതിക്കാത്തവരാകട്ടെ, അവർ ആരായാലും അപ്രധാനരാണ്-സമൂഹത്തിൽ അവർക്കുള്ള സ്ഥാനമാനങ്ങൾ എത്ര വലുതായാലും ശരി. അതുകൊണ്ട് താങ്കൾ ഇസ്‌ലാമികാദർശങ്ങൾ എല്ലാവരെയും ഉറക്കെ കേൾപ്പിക്കുക. എങ്കിലും സത്യം സ്വീകരിക്കാനുള്ള സന്നദ്ധത ആരിൽ കാണപ്പെടുന്നുവോ, അവരാണ് യഥാർഥത്തിൽ താങ്കളുടെ ശ്രദ്ധയർഹിക്കുന്നവർ. സ്വന്തം വമ്പിൽ നിഗളിച്ചുകൊണ്ട് അവർക്ക് താങ്കളെയല്ല, പ്രത്യുത, താങ്കൾക്ക് അവരെയാണ് ആവശ്യം എന്നു കരുതുന്ന ആത്മവഞ്ചിതരുടെ മുമ്പിൽ സന്ദേശം സമർപ്പിക്കരുത്. അത് താങ്കളുടെ പ്രബോധനത്തിന്റെ ഉന്നതമായ നിലവാരത്തിന് ചേർന്നതല്ല. ഇതാണ് സൂറയുടെ തുടക്കം മുതൽ സൂക്തം 16 വരെയുള്ള വചനങ്ങളുടെ പ്രമേയം. അനന്തരം, സൂക്തം 17 മുതൽ ആക്ഷേപത്തിന്റെ മുഖം പ്രവാചക സന്ദേശത്തെ തള്ളിക്കളഞ്ഞ സത്യനിഷേധികളിലേക്ക് നേരിട്ട് തിരിയുന്നു. അതിൽ ആദ്യമായി, സ്രഷ്ടാവും പരിപാലകനും അന്നദാതാവുമായ നാഥനോട് അവർ അനുവർത്തിക്കുന്ന സമീപനത്തെ കുറ്റപ്പെടുത്തിയിരിക്കുന്നു. ഒടുവിൽ അവർ താക്കീതു ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന അന്ത്യനാളിൽ എന്തുമാത്രം ഭയാനകമായ പരിണതിയാണവർക്കു നേരിടേണ്ടിവരുക എന്നു താക്കീതു ചെയ്തിരിക്കുകയാണ്.

# سُورَةُ عَبَسَ

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

عَبَسَ وَتَوَلَّىٰٓ ﴿١﴾ أَن جَآءَهُ ٱلۡأَعۡمَىٰ ﴿٢﴾ وَمَا يُدۡرِيكَ لَعَلَّهُۥ يَزَّكَّىٰٓ ﴿٣﴾ أَوۡ يَذَّكَّرُ فَتَنفَعَهُ ٱلذِّكۡرَىٰٓ ﴿٤﴾
أَمَّا مَنِ ٱسۡتَغۡنَىٰ ﴿٥﴾ فَأَنتَ لَهُۥ تَصَدَّىٰ ﴿٦﴾ وَمَا عَلَيۡكَ أَلَّا يَزَّكَّىٰ ﴿٧﴾ وَأَمَّا مَن جَآءَكَ
يَسۡعَىٰ ﴿٨﴾ وَهُوَ يَخۡشَىٰ ﴿٩﴾ فَأَنتَ عَنۡهُ تَلَهَّىٰ ﴿١٠﴾ كَلَّآ إِنَّهَا تَذۡكِرَةٞ ﴿١١﴾ فَمَن شَآءَ ذَكَرَهُۥ ﴿١٢﴾
فِي صُحُفٖ مُّكَرَّمَةٖ ﴿١٣﴾ مَّرۡفُوعَةٖ مُّطَهَّرَةِۭ ﴿١٤﴾ بِأَيۡدِي سَفَرَةٖ ﴿١٥﴾ كِرَامِۭ بَرَرَةٖ ﴿١٦﴾ قُتِلَ ٱلۡإِنسَٰنُ مَآ
أَكۡفَرَهُۥ ﴿١٧﴾ مِنۡ أَيِّ شَيۡءٍ خَلَقَهُۥ ﴿١٨﴾ مِن نُّطۡفَةٍ خَلَقَهُۥ فَقَدَّرَهُۥ ﴿١٩﴾ ثُمَّ ٱلسَّبِيلَ يَسَّرَهُۥ ﴿٢٠﴾
ثُمَّ أَمَاتَهُۥ فَأَقۡبَرَهُۥ ﴿٢١﴾ ثُمَّ إِذَا شَآءَ أَنشَرَهُۥ ﴿٢٢﴾ كَلَّا لَمَّا يَقۡضِ مَآ أَمَرَهُۥ ﴿٢٣﴾ فَلۡيَنظُرِ ٱلۡإِنسَٰنُ إِلَىٰ
طَعَامِهِۦٓ ﴿٢٤﴾ أَنَّا صَبَبۡنَا ٱلۡمَآءَ صَبّٗا ﴿٢٥﴾ ثُمَّ شَقَقۡنَا ٱلۡأَرۡضَ شَقّٗا ﴿٢٦﴾ فَأَنۢبَتۡنَا فِيهَا حَبّٗا ﴿٢٧﴾ وَعِنَبٗا وَقَضۡبٗا ﴿٢٨﴾
وَزَيۡتُونٗا وَنَخۡلٗا ﴿٢٩﴾ وَحَدَآئِقَ غُلۡبٗا ﴿٣٠﴾ وَفَٰكِهَةٗ وَأَبّٗا ﴿٣١﴾ مَّتَٰعٗا لَّكُمۡ وَلِأَنۡعَٰمِكُمۡ ﴿٣٢﴾
فَإِذَا جَآءَتِ ٱلصَّآخَّةُ ﴿٣٣﴾ يَوۡمَ يَفِرُّ ٱلۡمَرۡءُ مِنۡ أَخِيهِ ﴿٣٤﴾ وَأُمِّهِۦ وَأَبِيهِ ﴿٣٥﴾ وَصَٰحِبَتِهِۦ وَبَنِيهِ ﴿٣٦﴾
لِكُلِّ ٱمۡرِيٕٖ مِّنۡهُمۡ يَوۡمَئِذٖ شَأۡنٞ يُغۡنِيهِ ﴿٣٧﴾ وُجُوهٞ يَوۡمَئِذٖ مُّسۡفِرَةٞ ﴿٣٨﴾ ضَاحِكَةٞ مُّسۡتَبۡشِرَةٞ ﴿٣٩﴾
وَوُجُوهٞ يَوۡمَئِذٍ عَلَيۡهَا غَبَرَةٞ ﴿٤٠﴾ تَرۡهَقُهَا قَتَرَةٌ ﴿٤١﴾ أُوْلَٰٓئِكَ هُمُ ٱلۡكَفَرَةُ ٱلۡفَجَرَةُ ﴿٤٢﴾

| عَبَسَ وَتَوَلَّىٰ ﴿١﴾<br>അബസ വ തവല്ലാ | |
|---|---|
| وَتَوَلَّىٰ | عَبَسَ |
| വ തവല്ലാ | അബസ |
| മുഖം തിരിച്ചു | അദ്ദേഹം നെറ്റിചുളിച്ചു |

**1- അദ്ദേഹം നെറ്റിചുളിച്ചു, മുഖം തിരിച്ചു.**

ഈ പ്രഥമ വാക്യത്തിന്റെ ശൈലിയിൽ കൗതുകകരമായ ഒരു ധ്വനി അന്തർഭവിച്ചിട്ടുണ്ട്. അനന്തര വാക്യങ്ങളിൽ, നെറ്റിചുളിച്ച് തിരിഞ്ഞുകളഞ്ഞത് തിരുമേനി(സ) തന്നെയാണെന്ന് സ്പഷ്ടമാക്കുന്ന വിധം അദ്ദേഹത്തെത്തന്നെ അഭിസംബോധന ചെയ്തിട്ടുണ്ടെങ്കിലും ആ നടപടിയുണ്ടായത് തിരുമേനിയിൽനിന്നല്ല, മറ്റാരിൽ നിന്നോ ആണ് എന്ന മട്ടിലാണ് പ്രഭാഷണം ആരംഭിച്ചിരിക്കുന്നത്. ഇത്തരം നടപടി താങ്കളിൽ നിന്നുണ്ടാവേണ്ടതല്ലായിരുന്നു. താങ്കളുടെ ഉന്നത സ്വഭാവഗുണങ്ങളറിയുന്നവർ കണ്ടാൽ ഇത് താങ്കളല്ല, ഇത്തരം നിലപാടുകൾ അനുവർത്തിച്ചുവരുന്ന മറ്റാരോ ആണെന്ന് വിചാരിച്ചുപോകും എന്ന് അതിസൂക്ഷ്മമായ ഒരു രീതിയിൽ നബി(സക്ക് മനസ്സിലാക്കിക്കൊടുത്തിരിക്കുന്നു ഈ അവതരണ ശൈലി.

| ﴿أَن جَاءَهُ الْأَعْمَىٰ ﴿2 | |
|---|---|
| അൻ ജാഅഹൽ അഅ്മാ | |
| الْأَعْمَىٰ | أَن جَاءَهُ |
| അൽ അഅ്മാ | അൻ ജാഅഹു |
| അന്ധൻ | അദ്ദേഹത്തിന്റെ അടുക്കൽ വന്നതിനാൽ |

**2- കുരുടന്റെ വരവു കാരണം.**

ഇവിടെ 'അന്ധൻ' എന്നു പരാമർശിച്ചത് ആമുഖത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ പ്രസിദ്ധ സഹാബിയായ അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂമിനെണ്. ഇദ്ദേഹം ഉമ്മുൽ മുഅ്മിനിനീൻ ഹ. ഖദീജ(റ)യുടെ അമ്മായിയുടെ മകനാണ്. അദ്ദേഹത്തിന്റെ മാതാവ് ഉമ്മുമക്തൂം ഖദീജയുടെ പിതാവ് ഖുവൈലിദിന്റെ സഹോദരിയാണ്. തിരുമേനിയുമായി അദ്ദേഹത്തിനുള്ള ഈ ബന്ധുത്വം മനസ്സിലാക്കിയാൽ പിന്നെ, അദ്ദേഹത്തെ അപരിചിതനോ നിസ്സാരനോ ആയി മനസ്സിലാക്കിയതുകൊണ്ടാണ് തിരുമേനി നെറ്റിചുളിച്ച് തിരിഞ്ഞുകളഞ്ഞതും പ്രമാണിമാരിൽതന്നെ ശ്രദ്ധ കേന്ദ്രീകരിച്ചതും എന്ന് സംശയിക്കുവാൻ ന്യായമൊന്നുമില്ല. കാരണം, അദ്ദേഹം തിരുമേനിയുടെ ബന്ധുവാണ്. തറവാട്ടുകാരനാണ്. തരംതാണവനല്ല. പ്രവാചകൻ അദ്ദേഹത്തോട് ഇങ്ങനെ പെരുമാറിയതിന്റെ യഥാർഥകാരണം 'അന്ധൻ' എന്ന പദപ്രയോഗത്തിൽനിന്ന് മനസ്സിലാക്കാം. തിരുമേനിയുടെ അവഗണനയ്ക്കുള്ള കാരണമെന്ന നിലയിലാണ് ഖുർആൻ തന്നെ അത് പരാമർശിച്ചിട്ടുള്ളത്. അതായത് തിരുമേനിയുടെ വിചാരഗതികളിതായിരുന്നു: ഞാനിപ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്ന പ്രമാണിമാരിലാരെങ്കിലും സന്മാർഗം സ്വീകരിക്കുകയാണെങ്കിൽ അത് ഇസ്‌ലാം ശക്തിപ്രാപിക്കാനുള്ള വലിയൊരുപാധിയായിത്തീരാവുന്നതാണ്. മറിച്ച്, ഈ പ്രമാണിമാരിലാരെങ്കിലും മുസ്‌ലിമായാൽ ഉണ്ടാക്കാൻ കഴിയുന്നത്ര നേട്ടങ്ങൾ ഒരു അന്ധനായ ഇബ്നു ഉമ്മിമക്തൂമിന് തന്റെ അവശതകൾ മൂലം ഇസ്‌ലാമിന് ഉണ്ടാക്കിക്കൊടുക്കാൻ കഴിയില്ല. അതുകൊണ്ട് ഈ സന്ദർഭത്തിൽ അദ്ദേഹം തങ്ങളുടെ സംസാരത്തിൽ ഇടപെടാതിരിക്കുകയാണ് വേണ്ടത്. അദ്ദേഹത്തിന് വല്ലതും ചോദിക്കാനോ പറയാനോ ഉണ്ടെങ്കിൽ ഇതിനുശേഷം എപ്പോൾ വേണമെങ്കിലും ആവാമല്ലോ. ഇതുതന്നെയാണ് പ്രബോധന നടപടിയിൽ ഈ സന്ദർഭത്തിൽ നബി(സ) അവഗണിച്ചത്. ഇത് മനസ്സിലാക്കിക്കൊടുക്കാനാണ് അല്ലാഹു ആദ്യമായിത്തന്നെ ഇബ്നു ഉമ്മിമക്തൂമിനോട് നബി(സ) സ്വീകരിച്ച സമീപനരീതിയെ വിമർശിച്ചത്.

| ﴿وَمَا يُدْرِيكَ لَعَلَّهُ يَزَّكَّىٰ﴿3 | | |
|---|---|---|
| വമാ യുദ്‌രീക ലഅല്ലഹു യസ്സക്കാ | | |
| يَزَّكَّىٰ | لَعَلَّهُ | وَمَا يُدْرِيكَ |
| യസ്സക്കാ | ലഅല്ലഹു | വമാ യുദ്‌രീക |
| വിശുദ്ധി വരിക്കുന്നവൻ | ഒരുവേള അയാൾ ആയിത്തീർന്നേക്കാം. | നിനക്കെന്തറിയാം? |

**3- നിനക്കെന്തറിയാം? ഒരുവേള അവൻ വിശുദ്ധി വരിച്ചെങ്കിലോ?**

| ﴿أَوْ يَذَّكَّرُ فَتَنفَعَهُ الذِّكْرَىٰ ﴿4 | | | |
|---|---|---|---|
| ഔ യദ്ദക്കറു ഫതൻഫഅഹു ദ്ദിക്റാ | | | |
| الذِّكْرَىٰ | فَتَنفَعَهُ | يَذَّكَّرُ | أَوْ |
| അദ്ദിക്റാ | ഫതൻഫഅഹു | യദ്ദക്കറു | ഔ |
| ഉപദേശം | അങ്ങിനെ അയാൾക്കത് ഉപകരിക്കുകയും ചെയ്യുന്നു | അയാൾ ഉപദേശം ശ്രദ്ധിക്കുന്നു | അഥവാ |

**4- അഥവാ, ഉപദേശം ശ്രദ്ധിക്കുകയും ആ ഉപദേശം അയാൾക്ക് ഉപകരിക്കുകയും ചെയ്തേക്കാമല്ലോ.**

അന്ധനായ ഇബ്നു ഉമ്മിമക്തൂമിനെക്കുറിച്ചാണ് മുകളിലെ സൂക്തങ്ങളിൽ പ്രതിപാതിക്കുന്നത്

| أَمَّا مَنِ اسْتَغْنَىٰ ﴿5﴾<br>അമ്മാ മൻ ഇസ്തഗ്നാ | | |
|---|---|---|
| اسْتَغْنَىٰ | مَنِ | أَمَّا |
| ഇസ്തഗ്നാ | മൻ | അമ്മാ |
| അവൻ താൻപോരിമ നടിച്ചു | ഒരുത്തൻ | എന്നാൽ |

**5- എന്നാൽ താൻപോരിമ നടിച്ചവനോ;**

| فَأَنتَ لَهُ تَصَدَّىٰ ﴿6﴾<br>ഫ അൻത ലഹു തസ്വദ്ദാ | | |
|---|---|---|
| تَصَدَّىٰ | لَهُ | فَأَنتَ |
| തസ്വദ്ദാ | ലഹു | ഫ അൻത |
| നീ ശ്രദ്ധ തിരിച്ചു | അവന്റെ നേരെ | അപ്പോൾ നീ |

**6- അവന്റെ നേരെ നീ ശ്രദ്ധ തിരിച്ചു.**

| وَمَا عَلَيْكَ أَلَّا يَزَّكَّىٰ ﴿7﴾<br>വമാ അലൈക അല്ലാ യസ്സക്കാ | | |
|---|---|---|
| يَزَّكَّىٰ | أَلَّا | وَمَا عَلَيْكَ |
| യസ്സക്കാ | അല്ലാ | വമാ അലൈക |
| അവൻ നന്നായി | ഇല്ലെങ്കിൽ | നിനക്കെന്ത്? |

**7- അവൻ നന്നായില്ലെങ്കിൽ നിനക്കെന്ത്?**

പ്രവാചകൻ ചെവികൊടുത്ത മക്കയിലെ പ്രമാണിമാരിലാരെക്കുറിച്ചാണിത്

| وَأَمَّا مَن جَاءَكَ يَسْعَىٰ ﴿8﴾<br>വ അമ്മാ മൻ ജാഅക യസ്ആ | | |
|---|---|---|
| يَسْعَىٰ | جَاءَكَ | وَأَمَّا مَن |
| യസ്ആ | ജാഅക | വ അമ്മാ മൻ |
| ഓടിക്കൊണ്ട് | നിന്റെ അടുക്കൽ വന്നു | എന്നാൽ ഒരുത്തൻ |

**8- എന്നാൽ നിന്നെത്തേടി ഓടി വന്നവനോ,**

| وَهُوَ يَخْشَىٰ ﴿9﴾<br>വഹുവ യഖ്ശാ | |
|---|---|
| يَخْشَىٰ | وَهُوَ |
| യഖ്ശാ | വഹുവ |
| ദൈവഭയമുള്ളവനാണ് | അവൻ |

**9- അവൻ ദൈവഭയമുള്ളവനാണ്**

| فَأَنتَ عَنْهُ تَلَهَّىٰ ﴿10﴾<br>ഫ അൻത അൻഹ തലഹ്ഹാ | | |
|---|---|---|
| تَلَهَّىٰ | عَنْهُ | فَأَنتَ |
| തലഹ്ഹാ | അൻഹ | ഫ അൻത |
| അശ്രദ്ധ കാണിച്ചു | അവന്റെ കാര്യത്തിൽ | എന്നിട്ടും നീ |

**10- എന്നിട്ടും നീ അവന്റെ കാര്യത്തിൽ അശ്രദ്ധ കാണിച്ചു**

സത്യപ്രബോധകന്റെ ദൃഷ്ടിയിൽ യഥാർഥത്തിൽ പ്രധാനപ്പെട്ട സംഗതി എന്തായിരിക്കണമെന്നും എന്തായിരിക്കരുതെന്നും വിശദീകരിക്കുകയാണിവിടെ. ഒന്നാമത്തെ മനുഷ്യന്റെ ബാഹ്യമായ അവസ്ഥയെ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. സത്യാന്വേഷിയാണയാൾ. താൻ മിഥ്യയെ പിന്തുടർന്ന് ദൈവകോപത്തിനിരയായിത്തീരുന്നത് ഭയപ്പെടുന്നവൻ. അതുകൊണ്ട് അയാൾ സന്മാർഗജ്ഞാനം നേടാൻ സ്വയം മുന്നോട്ടുവരുന്നു. മറ്റേയാൾ, അയാളുടെ നിലപാട് സ്വയം വിളിച്ചോതുന്നത് അയാളിൽ സത്യാന്വേഷണ താൽപര്യം അൽപവുമില്ലെന്നാണ്. എന്നല്ല, തന്നോട് സന്മാർഗോപദേശം നടത്തുന്ന മനുഷ്യൻ തനിക്കാവശ്യമില്ലാത്തവനാണെന്ന് കരുതുകയും ചെയ്യുന്നു. ഇവിടെ പരിഗണനീയമായ സംഗതി, ഇവരിലാര് വിശ്വാസം കൈക്കൊണ്ടാലാണ് ദീനിന് വളരെ നേട്ടങ്ങളുണ്ടാവുക, ആരുടെ വിശ്വാസസ്വീകാരമാണ് ദീനിന്റെ പ്രചാരണത്തിൽ കാര്യമായ നേട്ടങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമാവാതിരിക്കുക എന്നതല്ല. മറിച്ച്, സന്മാർഗം സ്വീകരിച്ച് സംസ്കൃതനാവാൻ സന്നദ്ധനായിട്ടുള്ളതാര്, മഹത്തായ ഈ സന്ദേശത്തെ ഒട്ടും വിലമതിക്കാത്തവനാര് എന്നതാണ്. ഒന്നാമത്തെ ഇനത്തിൽപ്പെട്ടവൻ അന്ധനാവട്ടെ, മുടന്തനാവട്ടെ, മുറിക്കൈയനാവട്ടെ, ഏഴയാവട്ടെ, പ്രത്യക്ഷത്തിൽ വിശ്വാസ പ്രബോധനത്തിൽ വലിയ സേവനമൊന്നും ചെയ്യാൻ യോഗ്യനെന്നു തോന്നാത്തവനാകട്ടെ, ആരായാലും ശരി, അയാളാണ് സത്യപ്രബോധകന് വിലപ്പെട്ടവൻ. അയാളെയാണ് പ്രബോധകൻ പരിഗണിക്കേണ്ടത്. എന്തുകൊണ്ടെന്നാൽ, ഈ പ്രബോധനത്തിന്റെ അടിസ്ഥാന ലക്ഷ്യം ദൈവദാസൻമാരുടെ സംസ്കരണമാകുന്നു. അയാൾ സദുപദേശം ചെയ്യപ്പെട്ടാൽ സംസ്കാരമാർജിക്കുമെന്നാണ് അയാളുടെ അവസ്ഥയെക്കുറിച്ചു പറയുന്നത്.

രണ്ടാമത്തെ ഇനത്തിൽപ്പെട്ടവൻ, അയാൾ സമൂഹത്തിൽ എത്ര ശക്തമായ സ്വാധീനമുള്ളവനായാലും സത്യപ്രബോധകൻ അയാളുടെ പിന്നാലെ നടക്കേണ്ട കാര്യമില്ല. കാരണം, അയാൾ സംസ്കൃതനാവാൻ ആഗ്രഹിക്കുന്നില്ല എന്ന് അയാളുടെ പ്രത്യക്ഷ നിലപാട് വിളിച്ചുപറയുന്നുണ്ട്. അതുകൊണ്ട് അയാളെ സംസ്കരിക്കാനുള്ള ശ്രമത്തിൽ സമയം വിനിയോഗിക്കുന്നത് വെറുതെ സമയംകളയലാണ്. അയാൾ നന്നാവാൻ വിചാരിക്കുന്നില്ലെങ്കിൽ നന്നാവേണ്ട. അയാൾക്കു തന്നെയാണതിന്റെ നഷ്ടം. സത്യപ്രബോധകന് അതിൽ ഒരുത്തരവാദിത്വവുമില്ല.

| كَلَّا إِنَّهَا تَذْكِرَةٌ ﴿11﴾<br>കല്ലാ, ഇന്നഹാ തദ്കിറ | | |
|---|---|---|
| تَذْكِرَةٌ | إِنَّهَا | كَلَّا |
| തദ്കിറ | ഇന്നഹാ | കല്ലാ |
| ഒരു ഉദ്ബോധനമാകുന്നു | തീർച്ചയായും ഇത് | അറിയുക |

**11- അറിയുക; തീർച്ചയായും ഇത് ഒരു ഉദ്ബോധനമാകുന്നു.**

ദൈവത്തെ വിസ്മരിക്കുകയും ഭൗതികമായ സ്വന്തം സ്ഥാനമാനങ്ങളിൽ നിഗളിക്കുകയും ചെയ്യുന്നവർക്ക് അനർഹമായ പ്രാധാന്യം കൽപിക്കരുതെന്നർഥം. ഇസ്‌ലാമികസന്ദേശം, അതിനെ അവഗണിച്ചു പിന്തിരിയുന്നവരിൽ അടിച്ചേൽപിക്കേണ്ട ഒന്നല്ല. താങ്കൾ ഈ ആത്മവഞ്ചകരെ ഇസ്‌ലാമിലേക്കാകർഷിക്കാൻ നടത്തുന്ന ശ്രമങ്ങൾ, താങ്കളുടെ താൽപര്യസംരക്ഷണം അവരെ ആശ്രയിച്ചിരിക്കുന്നു എന്ന് അവരിൽ തെറ്റിദ്ധാരണയുളവാക്കുന്ന രീതിയിലാകുന്നത് താങ്കളുടെ നിലവാരത്തിന് ചേർന്നതല്ല. ഇവർ വിശ്വസിച്ചാലേ പ്രബോധനം വിജയിക്കൂ എന്നും ഇല്ലെങ്കിൽ പരാജയപ്പെടുമെന്നും വിചാരിക്കരുത്. സത്യത്തെ അവർ

എത്രത്തോളം വിലവെയ്ക്കുന്നില്ലയോ അത്രത്തോളം സത്യം അവരെയും വിലവെയ്ക്കുന്നില്ല. ഇത് ഒരു ഉദ്ബോധനമാകുന്നു എന്ന് പറഞ്ഞത് വിശുദ്ധ ഖുറാനെക്കുറിച്ചാണ്.

| | | |
|---|---|---|
| فَمَن شَاءَ ذَكَرَهُ ﴿12﴾<br>ഫ മൻ ശാഅ ദകറ | | |
| ذَكَرَهُ | شَاءَ | فَمَن |
| ദകറ | ശാഅ | ഫ മൻ |
| ഇതോർക്കട്ടെ | ഉദ്ദേശിച്ച | അതിനാൽ ആരെങ്കിലും |

**12- അതിനാൽ ഇഷ്ടമുള്ളവർ ഇതോർക്കട്ടെ/സ്വീകരിക്കട്ടെ**

ഈ ഖുർആൻ സത്യമന്വേഷിക്കുന്നവർക്കുള്ള ഉദ്ബോധനങ്ങളും ഉപദേശങ്ങളും അടങ്ങിയ ഭരണഘടനയാണ്. ഇഷ്ടമുള്ളവന് അത് സ്വീകരിക്കാനും തന്നിഷ്ടപ്രകാരം തള്ളിക്കളയാനുമുള്ള സ്വാതന്ത്ര്യം ഓരോ വ്യക്തിക്കുമുണ്ട്.

| | |
|---|---|
| فِي صُحُفٍ مُّكَرَّمَةٍ ﴿13﴾<br>ഫീ സ്വുഹുഫിൻ മുകർറമ | |
| مُّكَرَّمَةٍ | فِي صُحُفٍ |
| മുകർറമ | ഫീ സ്വുഹുഫിൻ |
| ആദരണീയമായ | ഏടുകളിൽ |

**13- ആദരണീയമായ ഏടുകളിലാണിതുള്ളത്.**

| | |
|---|---|
| مَّرْفُوعَةٍ مُّطَهَّرَةٍ ﴿14﴾<br>മർഫൂഅത്തിൻ മുത്വഹറ | |
| مُّطَهَّرَةٍ | مَّرْفُوعَةٍ |
| മുത്വഹറ | മർഫൂഅ |
| വിശുദ്ധമാക്കപ്പെട്ട | ഉന്നതമാക്കപ്പെട്ട |

**14- ഉന്നതങ്ങളും വിശുദ്ധങ്ങളുമായ ഏടുകളിൽ.**

എല്ലാ കലർപ്പുകളിൽനിന്നും ശുദ്ധമായതാണെന്നർഥം. നിഷ്കളങ്ക സത്യത്തിന്റെ അധ്യാപനങ്ങളാണതവതരിപ്പിക്കുന്നത്. മിഥ്യയുടെയും നാശത്തിന്റെയും യാതൊരു തരത്തിലുള്ള ആശയങ്ങൾക്കും സിദ്ധാന്തങ്ങൾക്കും അതിലേക്ക് വഴികണ്ടെത്തുവാൻ കഴിയില്ല. ഈ ലോകത്തിലെ ഇതര മതഗ്രന്ഥങ്ങളിൽ പുരണ്ടിട്ടുള്ള മായങ്ങളുടെയൊന്നും ലഘുവായ ഛായ പോലും അതിൽ കടക്കുക സാധ്യമല്ല. മനുഷ്യഭാവനകളിൽ നിന്നും പൈശാചിക ദുർബോധനങ്ങളിൽ നിന്നുമെല്ലാം സുരക്ഷിതമായിട്ടാണത് സൂക്ഷിക്കപ്പെട്ടിരിക്കുന്നത്.

| | |
|---|---|
| بِأَيْدِي سَفَرَةٍ ﴿15﴾<br>ബി ഐദീ സഫറ | |
| سَفَرَةٍ | بِأَيْدِي |
| സഫറ | ബി ഐദീ |
| സന്ദേശവാഹകർ | കൈകളിൽ |

**15- ചില സന്ദേശവാഹകരുടെ കൈകളിലാണവ;**

| كِرَامٍ بَرَرَةٍ ﴿16﴾<br>കിറാമിൻ ബററ | |
|---|---|
| بَرَرَةٍ | كِرَامٍ |
| ബററ | കിറാമിൻ |
| മഹത്തുക്കൾ | മാന്യർ |

**16- അവർ മാന്യരും മഹത്തുക്കളുമാണ്**

അല്ലാഹുവിന്റെ നേരിട്ടുള്ള നിർദേശപ്രകാരം ഖുർആന്റെ ആ ഏടുകൾ എഴുതിയിരുന്നവരും അതിനെ സൂക്ഷിച്ചു സംരക്ഷിച്ചിരുന്നവരും അതേപടി അത് നബി(സ)ക്ക് എത്തിച്ചുകൊടുത്തിരുന്നവരുമായ മലക്കുകളെയാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്. ആദരണീയർ, വിശുദ്ധർ എന്നീ രണ്ടു പദങ്ങൾകൊണ്ട് അവരെ പ്രശംസിച്ചിരിക്കുന്നു. തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വങ്ങളിൽ അണു അളവുപോലും വഞ്ചനയുണ്ടാവുക അസംഭവ്യമാകുമാറ് ഉന്നതമായ അസ്തിത്വങ്ങളാണവരെന്ന് വ്യക്തമാക്കുകയാണ് പ്രഥമ വിശേഷണത്തിന്റെ ലക്ഷ്യം. മറ്റുവിധത്തിൽ പറഞ്ഞാൽ, ആ ഏടുകൾ ഉല്ലേഖനം ചെയ്യുന്നതിനും അത് സൂക്ഷിക്കുന്നതിനും ദൈവദൂതന് എത്തിച്ചുകൊടുക്കുന്നതിനും തങ്ങളിൽ അർപ്പിതമായ ഉത്തരവാദിത്വം യാതൊരു വീഴ്ചയുമില്ലാതെ നിർവഹിക്കുന്നവരാണവർ.

ഈ വചനങ്ങൾ അരുളപ്പെട്ട പശ്ചാത്തലം പരിശോധിച്ചുനോക്കിയാൽ, ഇവിടെ ഖുർആനെ പരിചയപ്പെടുത്തിയത് അതിന്റെ മഹത്ത്വം വിശദീകരിക്കാൻ മാത്രമല്ലെന്നു മനസ്സിലാകും. യഥാർഥ ഉദ്ദേശ്യം ഇസ്‌ലാമികപ്രബോധനത്തെ അവജ്ഞയോടെ വീക്ഷിച്ച് പിന്തിരിഞ്ഞുകൊണ്ടിരുന്ന അന്നത്തെ അഹങ്കാരികൾക്ക് ആ മഹാഗ്രന്ഥം അവരുടെ മുന്നിൽ അവതരിപ്പിക്കപ്പെടാവുന്നതിലും, അവരോട് അതിനെ സ്വീകരിച്ചാദരിക്കണമെന്ന് ആവശ്യപ്പെടാവുന്നതിലുമൊക്കെ എത്രയോ ഉന്നതമാണെന്നു വർണിച്ചുകൊടുക്കുകയാണ്. ഈ ഖുർആന് നിങ്ങളെ ആവശ്യമില്ല; നിങ്ങൾക്ക് അതിനെയാണാവശ്യം. സ്വന്തം നന്മ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളുടെ മസ്തിഷ്കത്തിൽ നിറഞ്ഞ ദുർഭാവനകൾ തുത്തുമാറ്റി നേരേ ചൊവ്വേ ഈ സന്ദേശം സ്വീകരിക്കാൻ മുന്നോട്ടുവരുക. ഇല്ലെങ്കിൽ, നിങ്ങളതിനെ എത്രമാത്രം അവഗണിക്കുന്നുവോ, അതിനെക്കാൾ വളരെ കൂടുതലായി അത് നിങ്ങളെ അവഗണിക്കുന്നു. നിങ്ങളുടെ അവജ്ഞകൊണ്ട് അതിന്റെ മഹത്ത്വത്തിന് അണുഅളവ് മാറ്റം വരുന്നില്ല. എന്നാൽ നിങ്ങളുടെ വമ്പത്തരങ്ങളൊക്കെയും മണ്ണടിഞ്ഞു പോകും.

| قُتِلَ الْإِنسَانُ مَا أَكْفَرَهُ ﴿17﴾<br>വ ഖുതിലൽ ഇൻസാനു മാ അക്ഫറ | | |
|---|---|---|
| مَا أَكْفَرَهُ | الْإِنسَانُ | قُتِلَ |
| മാ അക്ഫറ | അൽ ഇൻസാനു | വ ഖുതില |
| എന്താണ് അവനെ നന്ദിയില്ലാത്തവനാക്കിയത് | മനുഷ്യൻ | നാശം |

**17- മനുഷ്യന് നാശം! അവനിത്ര നന്ദിയില്ലാത്തവനായതെന്ത്?**

ഇവിടം മുതൽ ആക്ഷേപം സത്യത്തോട് വൈമുഖ്യമനുവർത്തിച്ച അവിശ്വാസികളിലേക്ക് നേരിട്ടുതിരിഞ്ഞിരിക്കുകയാണ്. ഇതിനു മുമ്പ് സൂക്തം 16 വരെ അഭിസംബോധിതൻ നബി(സ) ആയിരുന്നു. വിമർശനം വ്യംഗ്യമായി അവിശ്വാസികളുടെ നേരെയും. അതിന്റെ സാരം ഇതാണ്: പ്രവാചകരേ, ഒരു സത്യാന്വേഷിയെ അവഗണിച്ച് താങ്കൾ ഏതു തരക്കാരെയാണിങ്ങനെ അമിതമായി പരിഗണിക്കുന്നത്? സത്യപ്രബോധനത്തിന്റെ വീക്ഷണകോണിലൂടെ നോക്കിയാൽ അവർ തീരെ വിലകെട്ടവരാകുന്നു. താങ്കളെപ്പോലെ മഹത്ത്വമുള്ള ഒരു പ്രവാചകനാൽ, ഖുർആൻ പോലെ അത്യുന്നതമായ സന്ദേശം സമർപ്പിക്കപ്പെടാൻ അർഹതയുള്ളവരൊന്നുമല്ല അവർ.

ഇത്തരം സന്ദർഭങ്ങളിലൊന്നും ഖുർആൻ 'മനുഷ്യൻ' എന്നതുകൊണ്ട് മനുഷ്യവംശത്തിലെ എല്ലാ അംഗങ്ങളെയും ഉദ്ദേശിക്കുന്നില്ല; പ്രത്യുത, അനാശാസ്യ ഗുണങ്ങളാൽ ആക്ഷേപിക്കപ്പെടുന്നവരാണ് ഉദ്ദേശ്യം.

മിക്ക മനുഷ്യരിലും ആ ചീത്ത ഗുണങ്ങൾ കാണപ്പെടുന്നതുകൊണ്ടാണ് ചിലേടത്ത് 'മനുഷ്യൻ' എന്ന പദം ഉപയോഗിച്ചിട്ടുള്ളത്. ആളുകളെ പ്രത്യേകം നിർണയിച്ച് ആക്ഷേപിക്കുന്നത് അവരിൽ വിദ്വേഷമുളവാക്കുമെന്നത്കൊണ്ടാണ് ചിലേടത്ത് 'മനുഷ്യൻ' എന്നു പറയുന്നത്. അതുകൊണ്ട് സാമാന്യവൽകൃതമായ സ്വഭാവത്തിൽ സംസാരിക്കുന്ന ഉപദേശരീതിയാണ് കൂടുതൽ ഫലപ്രദമായിട്ടുള്ളത്.

എന്താണ് അവനെ നന്ദിയില്ലാത്തവനാക്കിയത് എന്നതിന്റെ മറ്റൊരാശയം ''എന്തു സംഗതിയാണ് അവനെ നിഷേധത്തിന് സന്നദ്ധനാക്കിയത്'' എന്നുമാകാം. അല്ലെങ്കിൽ ''എന്തു ബലത്തിന്മേലാണ് അവൻ നിഷേധിക്കുന്നത്?'' ഇവിടെ നിഷേധത്തിന്റെ വിവക്ഷയിൽ സത്യത്തെ തള്ളിക്കളയലും തന്റെ ഗുണകാംക്ഷിയുടെ നന്മകളോട് കൃതഘ്നത കാണിക്കലും തന്റെ സ്രഷ്ടാവും അന്നദാതാവും ഉടമയുമായവനോട് ധിക്കാരപരമായ സമീപനം സ്വീകരിക്കലും ഉൾപ്പെടുന്നു

| مِنْ أَيِّ شَيْءٍ خَلَقَهُ﴿18﴾<br>മിൻ അയ്യി ശൈഇൻ ഖലഖ | | |
|---|---|---|
| خَلَقَهُ | أَيِّ شَيْءٍ | مِنْ |
| ഖലഖഹ | അയ്യി ശൈഇൻ | മിൻ |
| അവനെ സൃഷ്ടിച്ചു | ഏതൊരു വസ്തുവിൽ | നിന്ന് |

## 18- ഏതൊരു വസ്തുവിൽ നിന്നാണവനെ പടച്ചത്?

അതായത്, ആദ്യം നീ നിന്റെ യാഥാർഥ്യത്തെക്കുറിച്ച് ഒന്നു ചിന്തിച്ചുനോക്കുക. ഏതു വസ്തുവിൽനിന്നാണ് നീ ഉരുത്തിരിഞ്ഞുവന്നത്? എവിടെയാണതു പരിപാലിക്കപ്പെട്ടത്? ഏതു മാർഗേണയാണീ ലോകത്ത് ആഗതനായത്? എന്തുമാത്രം അവശമായ അവസ്ഥയിലായിരുന്നു നിന്റെ ജീവിതം ആരംഭിച്ചത്? എങ്ങനെയാണിവർ സ്വന്തം മൂലം മറന്നുകൊണ്ട് തെറ്റിദ്ധാരണകളിലകപ്പെടുന്നത്? സ്വന്തം സ്രഷ്ടാവിനെ എതിർക്കുക എന്നത് എങ്ങനെയാണിവരുടെ മണ്ടയിൽ കടന്നുകൂടിയത്?

| مِن نُّطْفَةٍ خَلَقَهُ فَقَدَّرَهُ﴿19﴾<br>മിൻ നുത്ഫതിൻ ഖലഖഹു  ഫ ഖദ്ദറ | | |
|---|---|---|
| فَقَدَّرَهُ | خَلَقَهُ | مِن نُّطْفَةٍ |
| ഫ ഖദ്ദറഹു | ഖലഖഹു | മിൻ നുത്ഫതിൻ |
| എന്നിട്ടവന്റെ ഭാഗധേയം നിർണയിച്ചു | അവനെ സൃഷ്ടിച്ചു | ഒരു ബീജ കണത്തിൽ നിന്ന് |

## 19- ഒരു ബീജ കണത്തിൽ നിന്നാണവനെ സൃഷ്ടിച്ചത്. എന്നിട്ടവന്റെ ഭാഗധേയം നിർണയിച്ചു.

ഒരു പ്രാരംഭ ജീവാണു മാത്രമായിരുന്ന ആ ഇന്ദ്രിയകണത്തെ വികസിപ്പിച്ചു. പിന്നെ അവൻ ജീവികളെപ്പോലെ നടക്കാനും ഇരിക്കാനും തിന്നാനും കുടിക്കാനും തുടങ്ങി. മാത്രമല്ല അതിനുപരിയായി മറ്റു ജീവികൾക്കില്ലാത്ത വിചാരശീലവും ഗ്രഹണശക്തിയും ചിന്തിക്കുവാനും ചർച്ച നടത്തുവാനുമുള്ള കഴിവുകളും പ്രസംഗിക്കുവാനും എഴുതുവാനുമുള്ള യോഗ്യതകളും അവനിൽ സൃഷ്ടിച്ചു.

അവൻ മാതാവിന്റെ ഉദരത്തിൽ രൂപം കൊള്ളുമ്പോൾതന്നെ അവന്റെ വിധി നിർണയിക്കപ്പെട്ടിരുന്നു. അവന്റെ ലിംഗമേത്, നിറമേത്, അവന്റെ നീളമെത്ര, വണ്ണമെത്ര, അവയവങ്ങളുടെ വികലതയും, അവികലതയും എത്രത്തോളമായിരിക്കണം, അവന്റെ രൂപമേത്, ആകാരമെന്ത്, ശബ്ദമെങ്ങനെ, ശരീരത്തിന്റെ ബലമെത്ര, മാനസിക യോഗ്യതകളെന്തെല്ലാം, ഏതു പ്രദേശത്ത്, ഏതു കുടുംബത്തിൽ, ഏതു ചുറ്റുപാടിൽ ജനിക്കും, ഈ ഭൂമിയിൽ പ്രവർത്തിക്കുവാൻ എത്ര സമയം ലഭിക്കും എന്നിങ്ങനെയുള്ള കണക്കുകൾ ഒരു മുടിപ്പാടുപോലും ലംഘിക്കാനാവില്ല. അതിൽ അണുഅളവ് മാറ്റം വരുത്താനുമാവില്ല. സ്രഷ്ടാവ് നിർമിച്ചുവെച്ച കണക്കുകൾക്കു മുന്നിൽ ഇത്രമാത്രം അശക്തരായ അവർ, അവനോട് നിഷേധം കൈക്കൊള്ളുമെന്നത് എന്തുമാത്രം വിചിത്രമായ ധാർഷ്ട്യമാണ്!

| ثُمَّ السَّبِيلَ يَسَّرَهُ ﴿20﴾<br>സുമ്മ സ്സബീല യസ്സറ | | |
|---|---|---|
| يَسَّرَهُ | السَّبِيلَ | ثُمَّ |
| യസ്സറഹു | അസ്സബീല | സുമ്മ |
| അവന് എളുപ്പമാക്കിക്കൊടുത്തു | ജീവിതസരണി | പിന്നെ |

**20- പിന്നെ അവന്റെ ജീവിതസരണി എളുപ്പമാക്കിക്കൊടുത്തു.**

നന്മയുടെയും തിന്മയുടെയും അല്ലെങ്കിൽ നന്ദിയുടെയും നിഷേധത്തിന്റെയും, അല്ലെങ്കിൽ അനുസരണത്തിന്റെയും ധിക്കാരത്തിന്റെയും രണ്ടു വഴികളിൽ ഇഷ്ടമുള്ള ഏതു സ്വീകരിക്കാനുള്ള അവസരം മനുഷ്യന് അവൻ നൽകിയിരിക്കുന്നു. രണ്ടു വഴികളും അവനു മുമ്പിൽ തുറന്നുവെച്ചിരിക്കുകയാണ്. ഇഷ്ടമുള്ളതിലൂടെ നടക്കാൻ അവന് സൗകര്യം ചെയ്തുകൊടുത്തിരിക്കുന്നു

| ثُمَّ أَمَاتَهُ فَأَقْبَرَهُ﴿٢١﴾<br>സുമ്മ അമാതഹു ഫ അഖ്ബറ | | |
|---|---|---|
| فَأَقْبَرَهُ | أَمَاتَهُ | ثُمَّ |
| ഫ അഖ്ബറഹു | അമാതഹു | സുമ്മ |
| പിന്നെ അവനെ മറമാടുകയും ചെയ്തു | അവനെ മരിപ്പിച്ചു | പിന്നെ |

**21- പിന്നീട് അവനെ മരിപ്പിച്ചു, മറമാടുകയും ചെയ്തു.**

ജനനത്തിന്റെയും വിധിയുടെയും കാര്യത്തിൽ മാത്രമല്ല, സ്വന്തം മരണത്തിന്റെ കാര്യത്തിലും അവൻ സ്രഷ്ടാവിന്റെ മുമ്പിൽ നിസ്സഹായനാകുന്നു. ആർക്കും ഇഷ്ടാനുസാരം ജനിക്കാനാവില്ല. ഇഷ്ടാനുസാരം മരിക്കാനുമാവില്ല. മരണത്തെ ഒരു നിമിഷത്തേക്കുപോലും നീട്ടിവയ്ക്കാനുമാവുന്നില്ല. അവൻ ഏതു നേരത്ത്, എവിടെവെച്ച്, ഏതവസ്ഥയിൽ മരിക്കണമെന്ന് വിധിക്കപ്പെട്ടിരിക്കുന്നുവോ അതേ നേരത്ത്, അതേ സ്ഥലത്ത്, അതേ അവസ്ഥയിൽതന്നെ മരിച്ചിരിക്കും. ഏതു തരത്തിലുള്ള ശവമടക്കലാണോ അവന്ന് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്, അതേതരത്തിൽ തന്നെ അവൻ അടക്കപ്പെടുന്നു. അതു മണ്ണിനകത്താകാം, സമുദ്രത്തിന്റെ ആഴങ്ങളിലാകാം, അഗ്നിജ്വാലകളിലാകാം, ജന്തുക്കളുടെ ആമാശയത്തിലാകാം. സ്രഷ്ടാവിന്റെ ഈ വക വിധികളൊന്നും മനുഷ്യൻ സ്വയം പോകട്ടെ, ലോകം മുഴുവൻ വിചാരിച്ചാലും ആരുടെ കാര്യത്തിലും അൽപം പോലും ഭേദഗതി ചെയ്യാനാവില്ല

| ثُمَّ إِذَا شَاءَ أَنشَرَهُ﴿٢٢﴾<br>സുമ്മ ഇദാ ശാഅ അൻശറ | | |
|---|---|---|
| أَنشَرَهُ | إِذَا شَاءَ | ثُمَّ |
| അൻശറഹു | ഇദാ ശാഅ | സുമ്മ |
| അവനെ ഉയിർത്തെഴുന്നേൽപിക്കുന്നു | അവൻ ഇഛിച്ചാൽ | പിന്നെ |

**22- പിന്നെ അല്ലാഹു ഇഛിക്കുമ്പോൾ അവനെ ഉയിർത്തെഴുന്നേൽപിക്കുന്നു.**

അതായത്, മരണാനന്തരം അവനെ സ്രഷ്ടാവ് വീണ്ടും ഉയിർത്തെഴുന്നേൽപിക്കുമ്പോൾ ഉയിർത്തെഴുന്നേൽക്കാൻ വിസമ്മതിക്കാനും അവന് സാധിക്കുകയില്ല. നീ ജനിക്കാനാഗ്രഹിക്കുന്നുണ്ടോ ഇല്ലേ എന്നു സമ്മതം ചോദിച്ചിട്ടല്ലല്ലോ നേരത്തെ അവനെ സൃഷ്ടിച്ചത്. അവന്റെ സമ്മതമില്ലെങ്കിലും ജനിക്കുകതന്നെ ചെയ്യുന്നു. അതേപോലെ പുനരുജ്ജീവിതവും അവന്റെ സമ്മതത്തെ ആശ്രയിച്ചുള്ളതല്ല. അതായത്, അവൻ ഇഷ്ടപ്പെടുന്നുവെങ്കിൽ ഉയിർത്തെഴുന്നേൽപിക്കുക, ഉയിർത്തെഴുന്നേൽക്കാനിഷ്ടമില്ലെങ്കിൽ വേണ്ടെന്നു വയ്ക്കുക എന്ന അവസ്ഥയില്ല. ഇക്കാര്യത്തിലും, അല്ലാഹുവിന്റെ ഇഷ്ടത്തിനു മുമ്പിൽ അവൻ തികച്ചും

നിസ്സഹായനാകുന്നു. സ്രഷ്ടാവ് ഉദ്ദേശിക്കുമ്പോൾ അവനെ ഉയിർത്തെഴുന്നേൽപിക്കും. അവൻ എഴുന്നേൽക്കുകയും ചെയ്യും-അവനത് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും

| كَلَّا لَمَّا يَقْضِ مَا أَمَرَهُ ﴿٢٣﴾<br>കല്ലാ ലമ്മാ യക്ദി മാ അമറ | | |
|---|---|---|
| مَا أَمَرَهُ | لَمَّا يَقْضِ | كَلَّا |
| മാ അമറഹു | ലമ്മാ യക്ദി | കല്ലാ |
| അവനോട് കൽപിച്ചത് | അവൻ നിർവഹിച്ചില്ല | അല്ല |

**23- അല്ല, അല്ലാഹു കൽപിച്ചത് അവൻ നിർവഹിച്ചില്ല.**

ജന്മവാസനയുടെ രൂപത്തിൽ ഓരോ മനുഷ്യനിലും നിക്ഷേപിച്ചിട്ടുള്ള മാർഗബോധവും, ഓരോ കാലഘട്ടത്തിലും അല്ലാഹു അയച്ച അവന്റെ പ്രവാചകൻമാരിലൂടെയും വേദങ്ങളിലൂടെയും പഠിപ്പിച്ച ശാസനയുമാകുന്നു ആജ്ഞകൊണ്ട് ഉദ്ദേശിക്കുന്നത്. കാലാകാലങ്ങളിൽ സജ്ജനങ്ങളിലൂടെ പ്രചരിപ്പിക്കപ്പെട്ടിട്ടുള്ള വിധികളും അതിന്റെ വിവക്ഷയിൽ പെടുന്നുണ്ട്.

മനുഷ്യന് അറിവും ബുദ്ധിയും മാത്രം നൽകി വിട്ടിരിക്കുകയല്ല. ഒപ്പം അവനെ മാർഗദർശനം ചെയ്തിട്ടുമുണ്ട്. നന്മയുടെ മാർഗമേതെന്നും നന്ദികേടിന്റെ മാർഗമേതെന്നും അതുവഴി അവൻ അറിയുന്നു. അതിനുശേഷം അവൻ ഏതു മാർഗം സ്വീകരിച്ചാലും അതിന്റെ ഉത്തരവാദിത്വം അവനുതന്നെയായിരിക്കും. "അവനു നാം രണ്ടു മാർഗങ്ങൾ; നന്മയുടെയും തിന്മയുടെയും വ്യക്തമായി കാണിച്ചുകൊടുത്തു" എന്ന് സൂറ അൽബലദിലും, "മനുഷ്യന്റെ ആത്മാവാണ, അവന്റെ ശരീരത്തെ ബാഹ്യവും ആന്തരികവുമായ ശക്തികൾ സന്തുലിതമാക്കുകയും എന്നിട്ടതിന്റെ പാപവും ഭക്തിയും ബോധനം ചെയ്യുകയും ചെയ്തിരിക്കുന്നു" എന്ന് സൂറ അശ്ശംസിലും പ്രതിപാതിക്കുന്നു. ഈ പ്രസ്താവനകളെ സൂക്ഷ്മമായി വായിച്ചു നോക്കി, മനുഷ്യന്റെ മാർഗദർശനാർഥം അല്ലാഹു ഈ ലോകത്ത് ചെയ്തുവെച്ചിട്ടുള്ള ഏർപ്പാടുകളെക്കുറിച്ച് ഖുർആനിൽ വന്നിട്ടുള്ള വിശദീകരണങ്ങൾ മുമ്പിൽ വെച്ച് ചിന്തിക്കുക. അപ്പോൾ മനസ്സിലാകും, മാർഗദർശനത്തിന്റെ ഏതെങ്കിലും ഒരു രൂപം മാത്രമല്ല, മറിച്ച്, അതിന് നിരവധി രൂപങ്ങളുണ്ടെന്നും. ചില ഉദാഹരണങ്ങൾ:

i) ഓരോ മനുഷ്യനും ജ്ഞാനം, ബുദ്ധി എന്നീ ഗുണങ്ങൾക്കു പുറമേ ഒരു ധാർമിക ബോധവും കൂടി നൽകിയിരിക്കുന്നു. അതുമൂലം പ്രകൃത്യാതന്നെ അവൻ നന്മയെയും തിന്മയെയും വിവേചിക്കുന്നു. ചില ഗുണങ്ങളെയും കർമങ്ങളെയും അവൻ ചീത്തയായി കരുതുന്നു- ഒരുപക്ഷേ, താൻ സ്വയം അതിൽ മുഴുകിയാൽ പോലും. ചില ഗുണങ്ങളെയും കർമങ്ങളെയും അവൻ നന്മയായി കരുതുന്നു-ഒരുപക്ഷേ, താൻ സ്വയം അത് വർജിച്ചിരിക്കുകയാണെങ്കിലും. എത്രത്തോളമെന്നാൽ, സ്വന്തം ദേഹേച്ഛകൾക്കും അഭിനിവേശങ്ങൾക്കും അനുസൃതമായി പല ദുർവൃത്തികളും തങ്ങളെസ്സംബന്ധിച്ചിടത്തോളം ഹിതകരമാക്കി വിധിക്കുന്ന തത്ത്വശാസ്ത്രങ്ങളും സിദ്ധാന്തങ്ങളും രൂപീകരിച്ചിട്ടുള്ളവർ പോലും അതേ ദുർവൃത്തികൾ അവരോട് വല്ലവരും ചെയ്തുപോയാൽ എതിർക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്നു. സ്വയം ചമച്ച വ്യാജസിദ്ധാന്തങ്ങളൊക്കെയുള്ളതോടൊപ്പം അവർ അത്തരം കാര്യങ്ങളെ തിന്മയായിത്തന്നെ മനസ്സിലാക്കുന്നതായി അപ്പോൾ വ്യക്തമാകുന്നു. ഇതേപോലെ സദ്ഗുണങ്ങളെയും സൽക്കർമങ്ങളെയും ആരെങ്കിലും മൗഢ്യമായ അവിവേകമോ ദാർശനികഭ്രമമോ ആയി വിലയിരുത്തിയാലും ശരി, ഒരു മനുഷ്യന് അവന്റേതന്നെ വല്ല സദ്ഗുണവും നേട്ടമുണ്ടാക്കിക്കൊടുത്താൽ അവന്റെ പ്രകൃതി ആ സദ്ഗുണത്തെ മൂല്യവത്തായി മനസ്സിലാക്കാൻ നിർബന്ധിതനായിത്തീരുന്നു.

ii) ഓരോ മനുഷ്യന്റെയും ഉള്ളിൽ അല്ലാഹു മനസ്സാക്ഷി എന്നൊന്ന് നിക്ഷേപിച്ചിട്ടുണ്ട്. അവൻ ഒരു തിന്മ ചെയ്യാൻ പോകുമ്പോൾ, അല്ലെങ്കിൽ ചെയ്തുകൊണ്ടിരിക്കുമ്പോൾ, അതുമല്ലെങ്കിൽ ചെയ്തുകഴിയുമ്പോൾ അതവനെ വിലക്കുന്നു. സ്വന്തം മനസ്സാക്ഷിയെ മനുഷ്യൻ എത്രയൊക്കെ മയക്കിക്കിടത്തിയാലും, നിർജീവമാക്കാൻ എങ്ങനെയൊക്കെ ശ്രമിച്ചാലും അതിനെ പൂർണമായി ഇല്ലാതാക്കാൻ അവന്നാവില്ല. താൻ മനസ്സാക്ഷി ഒട്ടുമില്ലാത്തവനാണെന്ന് ഒരാൾക്ക് വാദിക്കാം. തന്റെ വാദത്തെ എങ്ങിനെയൊക്കെ ന്യായീകരിക്കാനും തെളിവുകൾ ഹാജരാക്കാൻ ശ്രമിച്ചാലും അല്ലാഹു അവന്റെ പ്രകൃതിയിൽ

ഏർപ്പെടുത്തിയിട്ടുള്ള വിചാരണക്കാരൻ സജീവമായിത്തന്നെ നിലകൊള്ളും. ഏതു ദുഷ്ടനും യഥാർഥത്തിൽ താൻ ആരാണെന്ന സത്യം അജ്ഞാതമായിരിക്കുകയില്ല. ഇതേ സംഗതിയാണ് “മനുഷ്യന് അവനെ നന്നായറിയാം, അവൻ എന്തൊക്കെ ഒഴികഴിവുകൾ പറഞ്ഞാലും ശരി” (അൽഖിയാമ 15) എന്ന വചനത്തിലൂടെ പ്രസ്താവിച്ചിട്ടുള്ളത്.

iii) മനുഷ്യന് തനിക്കു ചുറ്റുമുള്ള ഭൂമി മുതൽ ആകാശലോകം വരെയുള്ള പ്രപഞ്ച സാകല്യത്തിൽ കണക്കറ്റ അടയാളങ്ങൾ പരത്തപ്പെട്ടിരിക്കുന്നു. ഒരു ദൈവമില്ലാതെ യാതൊന്നും ഉണ്ടാവുക സാധ്യമല്ലെന്നും അസ്തിത്വത്തിന്റെ ഈ പ്രവർത്തനശാലയുടെ നിർമാതാക്കളും നടത്തിപ്പുകാരും പല ദൈവങ്ങളാവുക വയ്യെന്നും അവ ഉദ്ഘോഷിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ പ്രപഞ്ചത്തിന്റെ വിദൂര സീമകളിലും തന്നിൽത്തന്നെയുമുള്ള ഈ ദൃഷ്ടാന്തങ്ങൾതന്നെ പുനരുത്ഥാനത്തെയും പരലോകത്തെയും കൂടി വ്യക്തമായി സാക്ഷ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മനുഷ്യൻ അവയ്ക്കു നേരെ കണ്ണടയ്ക്കുന്നുവെങ്കിൽ, അല്ലെങ്കിൽ ബുദ്ധിയുപയോഗിച്ച് ചിന്തിക്കുന്നില്ലെങ്കിൽ, അല്ലെങ്കിൽ ഈ ദൃഷ്ടാന്തങ്ങൾ സാക്ഷ്യപ്പെടുത്തുന്ന യാഥാർഥ്യങ്ങൾ സമ്മതിക്കാൻ മടിക്കുന്നുവെങ്കിൽ അതവന്റെ മാത്രം കുറ്റമാണ്. യാഥാർഥ്യങ്ങളെ കുറിച്ച് അറിവ് നൽകുന്ന ദൃഷ്ടാന്തങ്ങൾ അവന്റെ മുന്നിൽ വെച്ചുകൊടുക്കുന്നതിൽ അല്ലാഹു അവന്റെ ഭാഗത്ത് യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല.

iv) മനുഷ്യന് സ്വന്തം ജീവിതത്തിലും സമകാലിക ലോകത്തും നേരത്തെ കഴിഞ്ഞുപോയ ചരിത്രസംഭവങ്ങളിലും നിരവധി അനുഭവങ്ങളുണ്ടായിട്ടുണ്ട്, ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ട്. അവ സുവ്യക്തമായി സ്ഥാപിക്കുന്നു: ഒരത്യുന്നതമായ ആധിപത്യം തന്നെയും സർവപ്രപഞ്ചത്തെയും ഭരിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആ അധിപതിയുടെ മുന്നിൽ താൻ തികച്ചും അശക്തനും നിസ്സഹായനുമാകുന്നു. അവന്റെ ഇച്ഛ സർവത്തെയും അതിജയിച്ചു നിൽക്കുന്നു. താൻ അവന്റെ ആശ്രിതനാണ്. ഈ അനുഭവങ്ങളും ദൃശ്യങ്ങളും ബാഹ്യലോകത്തു മാത്രമല്ല ഈ യാഥാർഥ്യത്തെക്കുറിച്ച് അറിവു നൽകുന്നത്; മനുഷ്യന്റെ പ്രകൃതിയിലും ഈ അത്യുന്നതാധിപതിയുടെ അസ്തിത്വത്തിനുള്ള സാക്ഷ്യമുണ്ട്. അതുകൊണ്ടാണ് തീവ്ര ഭൗതികവാദിപോലും കടുത്ത പ്രതിസന്ധിവേളകളിൽ ദൈവത്തിനു നേരെ പ്രാർഥനയോടെ കരമുയർത്തുന്നത്. ബഹുദൈവ വിശ്വാസികൾ നിർണായക ഘട്ടങ്ങളിൽ എല്ലാ ദൈവങ്ങളെയും കൈയൊഴിച്ച് ഏകദൈവത്തെ മാത്രം വിളിച്ചു പ്രാർഥിക്കുന്നതും അതുകൊണ്ടുതന്നെ.

v) കുറ്റകൃത്യങ്ങൾക്ക് ശിക്ഷയും മഹത്തായ സേവനങ്ങൾക്ക് സമ്മാനവും ലഭിക്കേണ്ടത് അനിവാര്യമാണെന്ന് മനുഷ്യന്റെ ബുദ്ധിയും പ്രകൃതിയും ഖണ്ഡിതമായി വിധിക്കുന്നു. ഈയടിസ്ഥാനത്തിലാണ് ലോകത്തെല്ലാ സമൂഹങ്ങളിലും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിലുള്ള നീതിന്യായവ്യവസ്ഥ നിലനിൽക്കുന്നത്. പ്രശംസനീയമായിക്കരുതുന്ന സേവനങ്ങൾക്ക് പുരസ്കാരം നൽകാനും ഏതെങ്കിലും രൂപത്തിലുള്ള ഏർപ്പാടുകളും എല്ലായിടത്തുമുണ്ട്. ധർമങ്ങളും പ്രതിഫലനിയമവും തമ്മിൽ മനുഷ്യന് നിഷേധിക്കാനാവാത്ത വിധത്തിലുള്ള ഒരനിവാര്യബന്ധമുണ്ട് എന്നാണിത് വ്യക്തമായി തെളിയിക്കുന്നത്. ഈ ലോകത്ത്, കുറ്റവാളിക്ക് പൂർണശിക്ഷ പോയിട്ട്, യാതൊരു ശിക്ഷയും നൽകപ്പെടാനാവാത്ത നിരവധി കുറ്റകൃത്യങ്ങളും അതു പോലെ പൂർണമായ പുരസ്കാരം പോയിട്ട് യാതൊരു പ്രതിഫലവും സമ്മാനിക്കപ്പെടാനാവാത്ത എണ്ണമറ്റ സൽകൃത്യങ്ങളും ഉണ്ടെന്നു സമ്മതിക്കുന്നുവെങ്കിൽ നീതി ലഭ്യമാകുന്ന പരലോകത്തെ അംഗീകരിക്കാതെ നിർവാഹമില്ല. നീതിബോധമുള്ള മനുഷ്യൻ ഉണ്ടായിട്ടുള്ളത് എല്ലാവിധ നീതിസങ്കൽപങ്ങളിൽനിന്നും മുക്തമായ ഒരു ലോകത്താണെന്ന് ബുദ്ധിയുള്ള ആരും കരുതുന്നില്ല. ഏതെങ്കിലും ധർമനിഷേധികൾ അങ്ങനെയൊരഭിപ്രായത്തിൽ ശഠിച്ചുനിൽക്കുന്നുണ്ടെങ്കിൽ അങ്ങനെയുള്ള ഒരു ലോകത്ത് ജന്മം കൊള്ളുന്ന മനുഷ്യന്റെയുള്ളിൽ നീതിയുടേതായ ഈ വിഭാവന എവിടെനിന്നു വന്നു എന്ന ചോദ്യത്തിന് ഉത്തരം പറയേണ്ടത് അവരുടെ ബാധ്യതയാകുന്നു.

<table>
<tr><td colspan="3">فَلْيَنظُرِ الْإِنسَانُ إِلَىٰ طَعَامِهِ ﴿٢٤﴾<br>ഫൽ യൻളുരിൽ ഇൻസാനു ഇലാ ത്വആമിഹി</td></tr>
<tr><td>إِلَىٰ طَعَامِهِ</td><td>الْإِنسَانُ</td><td>فَلْيَنظُرِ</td></tr>
</table>

| | | |
|---|---|---|
| ഇലാ ത്വആമിഹി | അൽ ഇൻസാനു | ഫൽ യൻളുർ |
| തന്റെ അന്നത്തിലേക്ക് | മനുഷ്യൻ | അതിനാൽ നോക്കട്ടെ |

**24- മനുഷ്യൻ തന്റെ അന്നത്തിലേക്കൊന്നു നോക്കട്ടെ.**

അതായത്, അവൻ വെറുമൊരു സാധാരണ കാര്യമായി കാണുന്ന ഭക്ഷണത്തെക്കുറിച്ച് ഒന്നു ചിന്തിച്ചുനോക്കട്ടെ-അതെങ്ങനെ ഉണ്ടാകുന്നു? ദൈവം അതിനുള്ള ഉപാധികൾ ഉളവാക്കിയിരുന്നില്ലെങ്കിൽ ഭൂമിയിൽനിന്ന് സ്വയം ഭക്ഷണമുൽപാദിപ്പിക്കുക അവന്റെ കഴിവിൽ പെട്ടതാണോ?

| | | | |
|---|---|---|---|
| أَنَّا صَبَبْنَا الْمَاءَ صَبًّا﴿٢٥﴾<br>അന്നാ സ്വബബ്നൽ മാഅ സ്വബ്ബാ | | | |
| صَبًّا | الْمَاءَ | صَبَبْنَا | أَنَّا |
| സ്വബ്ബാ | അൽമാഅ | സ്വബബ്നൽ | അന്നാ |
| ഒരു വീഴ്ത്തൽ | വെള്ളം | നാം വീഴ്ത്തി | എപ്രകാരമാണ് |

**25- നാം ധാരാളമായി വെള്ളം വീഴ്ത്തി.**

ഇതുകൊണ്ടുദ്ദേശ്യം മഴയാകുന്നു. സൂര്യതാപത്താൽ സമുദ്രത്തിൽനിന്ന് കണക്കില്ലാത്ത അളവിൽ ജലം ആവിയായി മേലോട്ടുയർന്നു പോകുന്നു. പിന്നീട് അത് കാർമേഘങ്ങളായി കനക്കുന്നു. കാറ്റ് അതിനെ ഭൂമിയുടെ നാനാഭാഗങ്ങളിലേക്കും ഒഴുക്കിയെത്തിക്കുന്നു. പിന്നീട് അന്തരീക്ഷത്തിന്റെ ഉപരിഭാഗത്തെ തണുപ്പുമൂലം ആ മേഘം വീണ്ടും ജലരൂപം പ്രാപിക്കുകയും എല്ലാ സ്ഥലങ്ങളിലും നിശ്ചിത കണക്കനുസരിച്ച് വർഷിക്കുകയും ചെയ്യുന്നു. പിന്നെ ആ ജലം നേരിട്ട് ഭൂമിയിൽ പരക്കുന്നു. കിണറുകളും ഉറവകളുമുണ്ടാകുന്നു. അരുവികളായും തോടുകളായും നദികളായും ഒഴുകുന്നു. മലകളിൽ മഞ്ഞായി ഉറയ്ക്കുന്നു. പിന്നെ ഉരുകിയൊലിക്കുന്നു. മഴയില്ലാത്ത കാലങ്ങളിൽ നദികളിലൂടെ ഒഴുകിയെത്തുന്നു. ഇതൊക്കെ മനുഷ്യർ തന്നെ ചെയ്തുവെച്ച ഏർപ്പാടുകളാണോ? അവന്റെ സ്രഷ്ടാവ് അന്ന ലഭ്യതയ്ക്കുള്ള ഈ സംവിധാനങ്ങളൊന്നും ചെയ്തില്ലായിരുന്നുവെങ്കിൽ എങ്ങനെയാണ് മനുഷ്യന് ഈ ഭൂമിയിൽ ജീവിതം സാധ്യമാവുക?

| | | | |
|---|---|---|---|
| ثُمَّ شَقَقْنَا الْأَرْضَ شَقًّا﴿٢٦﴾<br>സുമ്മ ശഖഖ്നൽഅർദ ശഖ്ഖാ | | | |
| شَقًّا | الْأَرْضَ | شَقَقْنَا | ثُمَّ |
| ശഖ്ഖാ | അൽഅർദ | ശഖഖ്നാ | സുമ്മ |
| പിളർത്തൽ | ഭൂമി | നാം കീറിപ്പിളർത്തി | പിന്നെ |

**26- പിന്നെ നാം ഭൂമിയെ കീറിപ്പിളർത്തി.**

'ഭൂമിയെ പിളരുക' എന്നതുകൊണ്ടുദ്ദേശ്യം മുളച്ചുവരാൻ പാകത്തിൽ വിത്തുകളോ കമ്പുകളോ നടീൽവസ്തുക്കളോ മനുഷ്യൻ അതിനകത്തു നടുക. അല്ലെങ്കിൽ കാറ്റുമുഖേനയോ പക്ഷികൾ മുഖേനയോ മറ്റു മാർഗങ്ങളിലൂടെയോ മണ്ണിൽ വിത്തു വീഴുക. ദൈവം സൃഷ്ടിച്ച വിത്തുകൾ, ഭൂമിയിൽ കുഴിതോണ്ടിയോ, ഉഴുതുമറിച്ചോ നടുക എന്നതു മാത്രമേ മനുഷ്യന് ചെയ്യാൻ കഴിയൂ. ബാക്കിയെല്ലാം അല്ലാഹുവിന്റെ കാര്യമാണ്.

| | | |
|---|---|---|
| فَأَنبَتْنَا فِيهَا حَبًّا﴿٢٧﴾<br>ഫ അമ്പത്നാ ഫീഹാ ഹബ്ബാ | | |
| حَبًّا | فِيهَا | فَأَنبَتْنَا |
| ഹബ്ബാ | ഫീഹാ | ഫ അമ്പതാ |
| ധാന്യത്തെ | അതിൽ | അങ്ങനെ നാം മുളപ്പിച്ചു |

**27- അങ്ങനെ നാമതിൽ ധാന്യത്തെ മുളപ്പിച്ചു.**

എണ്ണമില്ലാത്ത വിത്തിനങ്ങളുണ്ടാക്കിയതവനാണ്. മണ്ണിലെത്തിയാൽ പൊട്ടിമുളയ്ക്കാനും ഓരോ ഇനത്തിൽ നിന്നും അതേ ഇനത്തിൽപെട്ട ചെടികളെ വളർത്താനുള്ള സവിശേഷഗുണം ഈ വിത്തുകളിൽ നിക്ഷേപിച്ചതും അല്ലാഹ തന്നെയാണ്. വെള്ളവുമായി ചേർന്ന് മണ്ണിന് വിത്തുകളെ തുറക്കാനും, ഓരോ ഇനം ചെടികളെയും അനുയോജ്യമായ പോഷകമെത്തിച്ച് വളർത്താനുമുള്ള യോഗ്യത നൽകിയതും അവൻ തന്നെ. അല്ലാഹ വിത്തുകളെ ഈ യോഗ്യതയോടെ, ഭൂമിയുടെ മേൽത്തട്ടിനെ ഈ ഗുണങ്ങളോടെ സൃഷ്ടിച്ചിരുന്നില്ലെങ്കിൽ മനുഷ്യന്നിവിടെ ആഹാരം വല്ലതും കണ്ടെത്താൻ കഴിയുമോ?

| وَعِنَبًا وَقَضْبًا﴿٢٨﴾<br>വ ഇനബൻവ്വ കദ്ബാ | |
|---|---|
| وَقَضْبًا | وَعِنَبًا |
| വ കദ്ബാ | വ ഇനബൻ |
| പച്ചക്കറികളും | മുന്തിരിയും |

**28- മുന്തിരിയും പച്ചക്കറികളും.**

| وَزَيْتُونًا وَنَخْلًا﴿٢٩﴾<br>വാ സൈതൂനൻവ്വ നഖ്ലാ | |
|---|---|
| وَنَخْلًا | وَزَيْتُونًا |
| വ നഖ്ലാ | അബസ |
| ഈത്തപ്പനയും | ഒലീവും |

**29- ഒലീവും ഈത്തപ്പനയും.**

| وَحَدَائِقَ غُلْبًا﴿٣٠﴾<br>വ ഹദാഇഖ ഗുൽബാ | |
|---|---|
| غُلْبًا | وَحَدَائِقَ |
| ഗുൽബാ | വ ഹദാഇഖ |
| ഇടതൂർന്ന | തോട്ടങ്ങളും |

**30- ഇടതൂർന്ന തോട്ടങ്ങളും.**

| وَفَاكِهَةً وَأَبًّا﴿٣١﴾<br>വ ഫാകിഹതൻ വ അബ്ബാ | |
|---|---|
| وَأَبًّا | وَفَاكِهَةً |
| വ അബ്ബാ | വ ഫാകിഹതൻ |
| പുൽപടർപ്പുകളും | പഴങ്ങളും |

**31- പഴങ്ങളും പുൽപടർപ്പുകളും.**

| مَّتَاعًا لَّكُمْ وَلِأَنْعَامِكُمْ﴿٣٢﴾<br>മതാഅൻ ലകും വലി അൻആമികും | | |
|---|---|---|
| وَلِأَنْعَامِكُمْ | لَّكُمْ | مَّتَاعًا |
| വലി അൻആമികും | ലകും | മതാഅൻ |
| നിങ്ങളുടെ കന്നുകാലികൾക്കും | നിങ്ങൾക്കും | ആഹാരം |

**32- നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും ആഹാരമായി.**

നിങ്ങൾക്കു മുന്തിരിയും പച്ചക്കറികളും, ഒലീവും ഈത്തപ്പനയും, ഇടതൂർന്ന തോട്ടങ്ങളും, പഴങ്ങളും പുൽപടർപ്പുകളും ഒരുക്കി തന്നത് ദൈവമാണെന്ന് മാത്രമല്ല, മാംസം, കൊഴുപ്പ്, പാൽ, വെണ്ണ തുടങ്ങിയ ആഹാരവസ്തുക്കൾ ലഭ്യമാക്കുകയും നിങ്ങളുടെ ഭൗതികജീവിതത്തിനു നിരവധി സേവനങ്ങൾ ചെയ്തുതരുകയും ചെയ്യുന്ന മൃഗങ്ങൾക്കും അവൻ വിഭവങ്ങൾ ഒരുക്കിക്കൊടുക്കുന്നു. ഏതൊരു ദൈവത്തിന്റെ ആഹാരം കൊണ്ടാണോ നിങ്ങൾ പരിപാലിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്, അവന്റെ വിഭവങ്ങളെല്ലാം അനുഭവിച്ചു കൊണ്ട് നിങ്ങൾ അവനെ നിഷേധിക്കുവാനും ധിക്കരിക്കുവാനും വേണ്ടിയാണോ ഇതൊക്കെയും?

| فَإِذَا جَاءَتِ الصَّاخَّةُ ﴿٣٣﴾<br>ഫ ഇദാ ജാഅതി സ്വാഖ | | |
|---|---|---|
| الصَّاخَّةُ | جَاءَتِ | فَإِذَا |
| അസ്വാഖ | ജാഅത് | ഫ ഇദാ |
| ഘോര ശബ്ദം | വന്നു | എന്നാൽ ഭവിച്ചാൽ |

**33- എന്നാൽ ആ ഘോര ശബ്ദം വന്നുഭവിച്ചാൽ.**

അന്ത്യനാളിലെ ഒടുവിലത്തെ കാഹളധ്വനിയാണുദ്ദേശ്യം. അതുയരുന്നതോടെ മരിച്ചുപോയ മനുഷ്യരെല്ലാം ഉയിർത്തെഴുന്നേൽക്കുന്നു

| يَوْمَ يَفِرُّ الْمَرْءُ مِنْ أَخِيهِ ﴿٣٤﴾<br>യൗമ യഫിർറുൽ മർഉ മിൻ അഖീഹ് | | | |
|---|---|---|---|
| مِنْ أَخِيهِ | الْمَرْءُ | يَفِرُّ | يَوْمَ |
| മിൻ അഖീഹ് | അൽ മർഉ | യഫിർറു | യൗമ |
| തന്റെ സഹോദരനെ | മനുഷ്യൻ | വെടിഞ്ഞോടും | അന്നു |

**34- അന്നു മനുഷ്യൻ തന്റെ സഹോദരനെ വെടിഞ്ഞോടും.**

| وَأُمِّهِ وَأَبِيهِ ﴿٣٥﴾<br>വ ഉമ്മിഹി വ അബീഹി | |
|---|---|
| وَأَبِيهِ | وَأُمِّهِ |
| വ അബീഹി | വ ഉമ്മിഹി |
| തന്റെ പിതാവിനെയും | തന്റെ മാതാവിനെയും |

**35- മാതാവിനെയും പിതാവിനെയും.**

| وَصَاحِبَتِهِ وَبَنِيهِ ﴿٣٦﴾<br>വ സ്വാഹിബതിഹി വ ബനീഹി | |
|---|---|
| وَبَنِيهِ | وَصَاحِبَتِهِ |
| വ ബനീഹി | വ സ്വാഹിബതിഹി |
| മക്കളെയും | ഭാര്യയെയും |

**36- ഭാര്യയെയും മക്കളെയും.**

അന്ത്യനാളിലെ മനുഷ്യന്റെ അവസ്ഥയാണിത്. ഓട്ടുക എന്നതിന്റെ താൽപര്യം അവർ ഭൗതികലോകത്ത് തങ്ങൾക്കേറ്റവും പ്രിയപ്പെട്ടവരായിരുന്ന ഉറ്റവർ ആപത്തിലകപ്പെട്ടുന്നതുകണ്ട് അവരെ സഹായിക്കാൻ പാഞ്ഞെത്തുന്നതിനു പകരം, അവരെങ്ങാനും സഹായം ചോദിച്ചുകളഞ്ഞാലോ എന്നു കരുതി അവരിൽനിന്ന്

ഓടിയകലും എന്നാകാം. മറ്റൊരാശയം ഇങ്ങനെയുമാകാം: ഭൗതികലോകത്ത് ദൈവഭയമില്ലാതെ, പരലോക ബോധമില്ലാതെ പരസ്പരം വഴിപിഴപ്പിക്കുകയും ഒരുവനു വേണ്ടി അപരൻ നിസ്സങ്കോചം പാപകൃത്യങ്ങളനുഷ്ഠിക്കുകയും ചെയ്തിരുന്നു. ഇതിന്റെയെല്ലാം ദുഷ്ഫലങ്ങൾ കൺമുമ്പിൽ ആഗതമാകുമ്പോൾ, തങ്ങൾ വഴിതെറ്റിക്കുകയും കുറ്റങ്ങൾ ചെയ്യിക്കുകയും ചെയ്തവർ അതിന്റെ ഉത്തരവാദിത്വം തങ്ങളിൽ ആരോപിക്കാനവസരമുണ്ടാകാതിരിക്കാൻ പരസ്പരം ഓടിയകലും. സഹോദരൻ സഹോദരനെ, മക്കൾ മാതാപിതാക്കളെ, ഭർത്താവ് ഭാര്യയെ, മാതാപിതാക്കൾ മക്കളെ എല്ലാം ഭയപ്പെടുന്നു-ഈ അഭിശപ്തൻ ഇപ്പോൾ തനിക്കെതിരെയുള്ള കേസുകളിൽ സാക്ഷി പറഞ്ഞേക്കുമെന്ന്

| ﴿لِكُلِّ امْرِئٍ مِّنْهُمْ يَوْمَئِذٍ شَأْنٌ يُغْنِيهِ﴿٣٧<br>ലി കുല്ലിമ്രിഇമ്മിൻഹും യൗമഇദിൻ ശഅ്നുയ്യുഗ്നീഹ് | | | | |
|---|---|---|---|---|
| يُغْنِيهِ | شَأْنٌ | يَوْمَئِذٍ | مِّنْهُمْ | لِكُلِّ امْرِئٍ |
| യുഗ്നീഹ് | ശഅ്നുൻ | യൗമഇദിൻ | മിൻഹും | ലി കുല്ലിമ്രിൻ |
| അവനു മതിയാകുന്ന | കാര്യം | അന്നേ ദിനം | അവരിലെ | ഓരോരുത്തർ ക്കുമുണ്ട് |

**37- അന്ന് അവരിലോരോരുത്തർക്കും സ്വന്തം കാര്യം നോക്കാനുണ്ടാകും.**

നബി (സ) പ്രസ്താവിച്ചതായി ഹദീസുകളിൽ വിവിധ മാർഗങ്ങളിലൂടെയും നിവേദന പരമ്പരകളിലൂടെയും ഉദ്ധരിക്കപ്പെടുന്നു: ''അന്ത്യനാളിൽ സകല മനുഷ്യരും നഗ്നരായിട്ടാണ് എഴുന്നേൽപിക്കപ്പെടുക'' തിരുമേനിയുടെ ഭാര്യമാരിലൊരാൾ പരിഭ്രമത്തോടെ ചോദിച്ചു: ''തിരുദൂതരേ, അന്ന് നമ്മുടെ നഗ്നത എല്ലാവരുടെയും മുന്നിൽ തുറന്നിടുമെന്നാണോ?'' തിരുമേനി ഈ സൂക്തം ഓതിക്കൊണ്ട് പ്രസ്താവിച്ചു: ''അന്ന് ആർക്കും ആരെയും നോക്കാനുള്ള പരിസരബോധമുണ്ടാവില്ല''

| ﴿وُجُوهٌ يَوْمَئِذٍ مُّسْفِرَةٌ﴿٣٨<br>വുജൂഹുൻ യൗമഇദിൻ മുസ്ഫിറ | | |
|---|---|---|
| مُّسْفِرَةٌ | يَوْمَئِذٍ | وُجُوهٌ |
| മുസ്ഫിറ | യൗമഇദിൻ | വുജൂഹുൻ |
| പ്രസന്നങ്ങളായിരിക്കും | അന്നേ ദിനം | മുഖങ്ങൾ |

**38- അന്നു ചില മുഖങ്ങൾ പ്രസന്നങ്ങളായിരിക്കും;**

| ﴿ضَاحِكَةٌ مُّسْتَبْشِرَةٌ﴿٣٩<br>ദാഹികതുൻ മുസ്തബ്ശിറ | |
|---|---|
| مُّسْتَبْشِرَةٌ | ضَاحِكَةٌ |
| മുസ്തബ്ശിറ | ദാഹികതുൻ |
| സന്തോഷിക്കുന്നത് | ചിരിക്കുന്നത് |

**39- സുസ്മേരവും ആഹ്ലാദഭരിതവും.**

വിശ്വാസവും സൽപ്രവർത്തങ്ങളും കൊണ്ട് ജീവിത വിശുദ്ധി കൈവരിച്ചവരും ദൈവീക പ്രീതി നേടിയ വിജയികളുമാണിവർ. വാഗ്ദാനം ചെയ്യപ്പെട്ട കർമ ഫലം സ്വീകരിക്കാൻ സുസ്മേരവദരരും ആഹ്ലാദഭരിതരുമായി അവർ കാണപ്പെടും

| ﴿وَوُجُوهٌ يَوْمَئِذٍ عَلَيْهَا غَبَرَةٌ﴿٤٠<br>വുജൂഹുൻ യൗമഇദിൻ അലൈഹാ ഗബറ | | | |
|---|---|---|---|
| غَبَرَةٌ | عَلَيْهَا | يَوْمَئِذٍ | وَوُجُوهٌ |
| ഗബറ | അലൈഹാ | യൗമഇദിൻ | വുജൂഹുൻ |

| | | | |
|---|---|---|---|
| പൊടി | അവക്ക് മേൽ | അന്നേ ദിനം | മുഖങ്ങൾ |

**40- മറ്റു ചില മുഖങ്ങൾ അന്ന് പൊടി പുരണ്ടിരിക്കും;**

| تَرْهَقُهَا قَتَرَةٌ﴿٤١﴾<br>തർഹഖുഹാ ഖതറ | |
|---|---|
| قَتَرَةٌ | تَرْهَقُهَا |
| ഖതറ | തർഹഖുഹാ |
| ഇരുട്ട് | അവയെ ആവരണം ചെയ്തിരിക്കും |

**41- ഇരുൾ മുറ്റിയും.**

മുന്നറിയിപ്പുകളെ അവഗണിച്ച് നിഷേധത്തിലും തന്നിഷ്ടത്തിലും ജീവിച്ച ഇവർ മരണാന്തരമുള്ള യാഥാർത്യത്തെ നേരിൽ കാണുമ്പോൾ മുഖങ്ങൾ നിരാശയിലും ഭീതിയിലും ആണ്ട് പൊടി പുരണ്ട് പരിക്ഷീണമായിരിക്കും

| أُولَئِكَ هُمُ الْكَفَرَةُ الْفَجَرَةُ﴿٤٢﴾<br>ഉലാഇക ഹുമുൽ കഫറതുൽ ഫജറ | | | |
|---|---|---|---|
| الْفَجَرَةُ | الْكَفَرَةُ | هُمُ | أُولَئِكَ |
| അൽ ഫജറ | അൽ കഫറ | ഹും | ഉലാഇക |
| തെമ്മാടികൾ | സത്യനിഷേധികൾ | അവർ | അക്കൂട്ടർ |

**42- അവർ തന്നെയാണ് സത്യനിഷേധികളും തെമ്മാടികളും.**

ദൈവത്തിന്റെ സൃഷ്ടിജാലങ്ങളിൽ നിഷേധികളും നന്ദികെട്ടവരുമായ ഈ മനുഷ്യരല്ലാതെ മറ്റാരാണ് അധാർമികളായി ഉണ്ടാവുക!